# പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*23 — 28-01-2019-ൽ മറുപടിയ്ക്ക്

## നവോത്ഥാന മൂല്യങ്ങളുടെ സംരക്ഷണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.ഉണ്ണി<br>ശ്രീ.ബി.സത്യൻ<br>ശ്രീ.യു.ആർ പ്രദീപ്<br>ശ്രീ.ജെയിംസ് മാത്യു | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |

| ചോദ്യം | | മറുപടി | |
|---|---|---|---|
| (എ) | ജനങ്ങളെ അന്ധവിശ്വാസങ്ങളിലേയ്ക്കും അനാചാരങ്ങളിലേയ്ക്കും തള്ളിവിട്ട് സംസ്ഥാനത്തെ നൂറ്റാണ്ടുകൾക്ക് പുറകിലേയ്ക്ക് തിരികെ കൊണ്ടുപോകാൻ മന:പൂർവ്വമായ ശ്രമങ്ങൾ നടക്കുന്ന സാഹചര്യത്തിൽ, നവോത്ഥാന മൂല്യങ്ങളുടെ സംരക്ഷണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | നവോത്ഥാന മൂല്യങ്ങൾ സംരക്ഷിക്കുന്നതിന്റെ ഭാഗമായി നവോത്ഥാന പ്രതീകങ്ങളായ സാംസ്കാരിക നായകൻമാരുടെ അനുസ്മരണം, നവോത്ഥാന പ്രക്ഷോഭങ്ങളുടെ പുനർ വായനയും സ്മരണ പുതുക്കലും, സാംസ്കാരിക പ്രശ്നങ്ങളെ കുറിച്ചുള്ള ജാഗ്രതപ്പെടുത്തലുകൾ എന്നിവയെല്ലാം നടക്കുന്നുണ്ട്. ശ്രീനാരായണ ഗുരുവിന്റെ ജാതിയില്ലാ വിളംബരത്തിന്റെ 100-ാം വാർഷികം, അയ്യങ്കാളിയുടെ വില്ലുവണ്ടി സമരം, സ്വാമി വിവേകാനന്ദന്റെ കേരള സന്ദർശനത്തിന്റെ 125-ാം വാർഷികം എന്നിവ ആചരിച്ചു. വിവരപൊതുജനസമ്പർക്ക വകുപ്പ്, സാംസ്കാരിക പുരാരേഖ, പുരാവസ്തു വകുപ്പുകൾ, വിവിധ സാംസ്കാരിക സ്ഥാപനങ്ങൾ എന്നിവ സംയുക്തമായി നടത്തിയ ക്ഷേത്രപ്രവേശന വിളംബരത്തിന്റെ 82-ാം വാർഷികം, ഗാന്ധിജിയുടെ രക്തസാക്ഷിത്വത്തിന്റെയും 150-ാം ജന്മ വാർഷികത്തിന്റേയും ഭാഗമായി ഒരു വർഷം നീണ്ടുനിൽക്കുന്ന പരിപാടികൾ എന്നിങ്ങനെ നിരവധി പരിപാടികൾ, സർക്കാർ സംഘടിപ്പിക്കുകയുണ്ടായി നവോത്ഥാന മൂല്യങ്ങൾ ഉയർത്തി പിടിക്കുന്നതിനുള്ള ഒരു ക്യാമ്പയിൻ എന്ന നിലയിൽ 2019 ജനുവരി 1-ന് വനിതാ മതിൽ സർക്കാർ സംഘടിപ്പിക്കുകയുണ്ടായി. കൂടാതെ നവോത്ഥാന ആശയങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള ചിത്രപ്രദർശനം, ചിത്രകലാ ക്യാമ്പ്, ശില്പശാലകൾ എന്നിവ പരിപാടിയുടെ ഭാഗമായി സംഘടിപ്പിച്ചു വരുന്നു.<br>നവോത്ഥാന മുന്നേറ്റങ്ങൾക്ക് വെളിച്ചം പകർന്ന സ്വാമി വിവേകാനന്ദന്റെ കേരളസന്ദർശനത്തിന്റെ 125-ാം വാർഷിക |

| | | | |
|---|---|---|---|
| | | | വേളയിൽ , അയ്യാവൈകുണ്ഠസ്വാമികൾ, ചട്ടമ്പിസ്വാമികൾ, അയ്യങ്കാളി, ശ്രീനാരായണ ഗുരു, ഡോ. പല്പു, മഹാകവി കുമാരനാശാൻ , സ്വാമി ആത്മതീർത്ഥർ തുടങ്ങിയ നവോത്ഥാന നായകരുടെ ചിന്തകളും, വരികളും, സംഗീതം, നൃത്തം, നാടകം, ചിത്രകല, നവ മാധ്യമ സാദ്ധ്യതകൾ , ചലച്ചിത്രം എന്നീ കലാവിഷ്ക്കാരങ്ങളിലൂടെ സമന്വയിപ്പിച്ചെടുത്ത നവോത്ഥാന ദൃശ്യ സന്ധ്യ എന്ന പരിപാടി കേരളത്തിലെ വിവിധ ജില്ലകളിലും ഡൽഹിയിലും അവതരിപ്പിക്കുക യുണ്ടായി.<br>ഭരണഘടനാ സാക്ഷരത വ്യാപകമാക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി 2018 നവംബർ 26 മുതൽ 2019 ജനുവരി 26 വരെ ഭരണഘടനാ സംരക്ഷണ യജ്ഞമായി വിവിധ വകുപ്പുകളുടെയും സ്ഥാപനങ്ങ ളുടെയും ആഭിമുഖ്യത്തിൽ ആചരിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടും പി.ആർ.ഡിയും തയ്യാറാക്കുന്ന പുസ്തകം എല്ലാ വിദ്യാലയങ്ങളിലും വിതരണം ചെയ്യും. ഈ പുസ്തകങ്ങൾ വിദ്യാർത്ഥികൾ വഴി രക്ഷിതാക്കളിലും അങ്ങനെ പൗരസമൂഹത്തിലും പ്രചരിക്കാനും മെച്ചപ്പെട്ട ഒരു നവോത്ഥാന ചിന്താധാര രൂപപ്പെടുത്താനും കഴിയും. ഇതുമായി ബന്ധപ്പെട്ട് പ്രത്യേക ഡോക്യുമെന്ററിയും തയ്യാറാക്കി. ഒരു നവോത്ഥാന മ്യൂസിയം ഉണ്ടാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | സുപ്രീംകോടതി വിധി അനുസരിച്ച് ഭരണഘടന അനുശാസിക്കുന്ന മൗലിക അവകാശങ്ങൾ സംരക്ഷിക്കുന്നതിന്റെ പേരിൽ സംസ്ഥാന സർക്കാരിനെ പിരിച്ചുവിടുമെന്ന് ഭീഷണി മുഴക്കുന്ന കേന്ദ്ര മന്ത്രിമാർ അടക്കമുള്ള സംഘപരിവാർ - ബി.ജെ.പി. നേതാക്കളുടെ രാഷ്ട്രീയ മുതലെടുപ്പിനാ യുള്ള ശ്രമങ്ങളെ ചെറുക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടു ള്ളതെന്ന് അറിയിക്കുമോ: | (ബി) | ഭരണഘടന അനുശാസിക്കുന്ന മൗലിക അവകാശങ്ങൾ സംരക്ഷിക്കുന്നതിന് ശക്തമായ നടപടികൾ സർക്കാർ സ്വീകരിക്കുന്നുണ്ട്. ഇത് സംബന്ധിച്ച് ജനങ്ങളിൽ അവബോധം ഉണ്ടാക്കുന്നതിന് വനിതാമതിൽ അടക്കമുള്ള പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. ഈ ആശയപ്രചരണവും നടപടികളും ശക്തമായി മുന്നോട്ട് കൊണ്ടുപോകാനാണ് സർക്കാർ ശ്രമിക്കുന്നത്. |
| സി) | ശബരിമല യുവതീപ്രവേശം സംബന്ധിച്ച സുപ്രീംകോടതി വിധിയ്ക്ക് ശേഷം ഭക്തിയുടെയും വിശ്വാസത്തിന്റെയും മറവിൽ സംഘപരിവാർ ശക്തികൾ നടത്തുന്ന ഭരണഘടനാ വിരുദ്ധവും മതസ്പർദ്ധ വളർത്തുന്നതുമായ സമരങ്ങളും കലാപശ്രമങ്ങളും നേരിടുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ: | (സി) | ശബരിമല യുവതീ പ്രവേശത്തെ തുടർന്ന് സംസ്ഥാനത്ത് വ്യാപക അക്രമം അഴിച്ചു വിട്ട് ജനങ്ങളിൽ ഭീതി പരത്തുന്ന സംഘടനകൾക്കെതിരെയും, വ്യക്തികൾക്കെ തിരെയും ഇന്ത്യൻ ശിക്ഷാനിയമത്തിലെ 153 ഉൾപ്പെടെയുള്ള വകുപ്പുകൾ പ്രകാരം കേസ്സുകൾ രജിസ്റ്റർ ചെയ്ത് ശക്തമായ നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ അക്രമ പ്രവർത്തനങ്ങളിൽ ഏർപ്പെടുവാൻ സാദ്ധ്യതയുള്ളവർക്കെതിരെയും മുൻ കരുതൽ തടങ്കൽ നടപടികളും, |

| | | | |
|---|---|---|---|
| | | | പൊതുമുതൽ , സ്വകാര്യ വ്യക്തികളുടെ സ്വത്തുക്കൾ നശിപ്പിക്കുന്നവർക്കെതിരെയും, സാമൂഹ്യമാധ്യമങ്ങൾ മുഖേന മതസ്പർദ്ധ വളർത്തുന്ന തരത്തിൽ പ്രചാരണം നടത്തുന്നവർക്കെതിരെയും കർശനനിയമ നടപടികൾ സ്വീകരിച്ചു വരുന്നു.<br>ഇനിയും ഇത്തരത്തിലുള്ള കുറ്റകൃത്യങ്ങളിൽ ഏർപ്പെടുത്തുന്നവർക്കെതിരെ സർക്കാർ നിയമനടപടികൾ സ്വീകരിക്കും. |
| (ഡി) | നവോത്ഥാന മൂല്യങ്ങൾ സംരക്ഷിക്കുന്നതിന് ജാതി, മത, ലിംഗ ഭേദമന്യേ പൊതുജന പങ്കാളിത്തത്തോടെയുള്ള കൂട്ടായ പരിശ്രമങ്ങൾ തുടർന്നും നടത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | നവോത്ഥാന മൂല്യങ്ങൾ സംരക്ഷിക്കുന്നതിന് തുടർന്നും ഇത്തരത്തിലുള്ള പ്രചാരണ ,ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**